(സി) ജില്ലയിൽ 2015 ഫെബ്രുവരി 28 വരെ ഓരോ വകുപ്പിലും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;പ്രസ്തുത ഒഴിവുകളിലേക്ക് നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) താരതമ്യേന കുറഞ്ഞ നിയമനം നടന്ന സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റ് 30-3-2012-നാണ് നിലവിൽ വന്നത്. അതിന്റെ കാലാവധി 31-3-2015-ന് അവസാനിക്കും.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

PSC-യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ

67 (72) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) PSC-യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം സർട്ടിഫിക്കറ്റ് പരിശോധനയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വകാര്യ കഫേകളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അയയ്ക്കേണ്ടിവരുന്നതുമൂലം സാമ്പത്തികവും മറ്റുമുള്ള പ്രയാസങ്ങൾ ഉദ്യോഗാർത്ഥികൾ നേരിടുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പി.എസ്.സി.-യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേനയുള്ള സർട്ടിഫിക്കറ്റ് പരിശോധന ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ നേരിടാത്ത രീതിയിലാണ് നടപ്പിലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly